**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണത്തിനുള്ള പ്രത്യേക പാക്കേജിനു അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ[സി] വകുപ്പ്**

**സ.ഉ.(സാധാ) നം.352/2020/വ്യവ.** തീയതി,തിരുവനന്തപുരം, 28/05/2020

---

പരാമർശം:- കൈത്തറി ഡയറക്ടറുടെ 28.04.2020 - ലെ സി.എ/ഡി.എച്ച്.റ്റി/2020/10 നമ്പർ കത്ത്

**ഉത്തരവ്**

കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 23.03.2020 മുതൽ ലോക്ക്ഡൗൺ ഏർപ്പെടുത്തിയതു മുതൽ സ്പിന്നിംഗ് മില്ലുകൾ അടഞ്ഞു കിടക്കുന്നതിനാൽ ലോക്ക് ഡൗൺ കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് കൈത്തറി, സ്പിന്നിംഗ്, യന്ത്രത്തറി എന്നീ മേഖലകളിലെ സ്ഥാപനങ്ങൾ, തൊഴിലാളികൾ എന്നിവർക്ക് പ്രവർത്തനം ആരംഭിക്കുന്നതിനു വലിയ സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാൽ ഈ മേഖലകൾ സംരക്ഷിക്കുന്നതിനു ഒരു പാക്കേജ് നടപ്പിലാക്കുകയാണെങ്കിൽ അത് വളരെ പ്രയോജനപ്രദമായിരിക്കുമെന്നും നിലവിലുള്ള ബഡ്ജറ്റിലെ വിവിധ പദ്ധതി വിഹിതവും അധികമായി ആവശ്യമായ തുകയും ചേർത്ത് മൊത്തം 7435 ലക്ഷം രൂപയുടെ പ്രത്യക പാക്കേജ് തയ്യാറാക്കി കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണത്തിനായി കൈത്തറി ഡയറക്ടർ സമർപ്പിച്ച പ്രത്യേക പാക്കേജിനു തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ടും പദ്ധതിയ്ക്കാവശ്യമായ മൊത്തം തുകയിൽ നിലവിലെ വിവിധ പദ്ധതികളിൽ നിന്നോ അധികധനാനുമതി മുഖേനയോ ആവശ്യമായ സർക്കാർ അനുമതിയോടുകൂടി കണ്ടെത്തുന്നതിനും കൈത്തറി ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സി.കെ.വിനോദന്**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള,

തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള , തിരുവനന്തപുരം

ഐ & പി.ആർ.ഡി (സർക്കാർ വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ